No. CEE/2244/B.Pharm(LE)/2019/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള

## പ്രവേശന പരീക്ഷ - 2019

1. കേരളത്തിലെ വിവിധ സർക്കാർ, സ്വകാര്യ സ്വാശ്രയ കോളേജുകളിൽ 2019-20 അദ്ധ്യയന വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.
2. പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:
   (i) നേറ്റിവിറ്റി : അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം.
   (ii) വിദ്യാഭ്യാസ യോഗ്യത: 50% മാർക്കിൽ കുറയാതെയുള്ള ഡി.ഫാം ബിരുദം (ഡിപ്ലോമ ഇൻ ഫാർമസി) (അപേക്ഷകർ ഫാർമസി കൗൺസിലിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ പഠിച്ച്, സ്റ്റേറ്റ് ബോർഡ് ഓഫ് ഡി.ഫാം/തത്തുല്യ പരീക്ഷ എഴുതി പാർട്ട് 1, പാർട്ട് 2 പരീക്ഷകൾക്ക് 50% മാർക്കിൽ കുറയാതെ നേടിയിരിക്കണം).
   (iii) അപേക്ഷകർ ഫാർമസി കൗൺസിലിൽ രജിസ്ട്രേഷൻ നടത്തേണ്ടതും കൗൺസിലിംഗ് സമയത്ത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.
   (iv) വയസ്സ്: പ്രവേശനത്തിന് ഉയർന്ന പ്രായ പരിധിയില്ല.
3. പ്രവേശന പരീക്ഷ: ലാറ്ററൽ എൻട്രി മുഖേന ബി.ഫാം കോഴ്സിനു പ്രവേശനം ആഗ്രഹിക്കുന്നവർ പ്രവേശന പരീക്ഷാ കമ്മീഷണർ, 2019 ഒക്ടോബർ 05-ാം തീയതി (ശനിയാഴ്ച) എറണാകുളത്തു വച്ചു നടത്തുന്ന കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ എഴുതേണ്ടതാണ്. പ്രവേശന പരീക്ഷയ്ക്ക് 1 1/2 മണിക്കൂർ ദൈർഘ്യമുള്ള 120 ചോദ്യങ്ങളുള്ള ഒരു പേപ്പറാണുള്ളത്. ചോദ്യങ്ങൾ ഒബ്ജക്ടീവ് മാതൃകയിലുള്ളതായിരിക്കും.

**4. ഓൺലൈൻ അപേക്ഷ സമർപ്പണവും, അപേക്ഷ ഫീസും:–**

പ്രോസ്പെക്ടസും, ഓൺലൈൻ അപേക്ഷാഫോറവും **19.09.2019** മുതൽ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർ നിശ്ചിത ഫീസ് ഓൺലൈൻ പേയ്മെന്റായോ, ഇ–ചെലാൻ മുഖേനയോ അടയ്ക്കേണ്ടതാണ്. ഇ–ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ–ചെലാൻ ഉപയോഗിച്ച് പണമായി കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റോഫീസിൽ അടയ്ക്കേണ്ടതാണ്. ഫീസ് ഒടുക്കിയ ശേഷം അപേക്ഷകന്റെ ഫോട്ടോ, ഒപ്പ്, സർട്ടിഫിക്കറ്റിന്റെ കോപ്പി എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ്. **അപേക്ഷയുടെ പ്രിന്റൗട്ട് സർട്ടിഫിക്കറ്റ്/മറ്റ് അനുബന്ധ രേഖകളുടെ കോപ്പി എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.**

ജനറൽ വിഭാഗക്കാർ 800 രൂപയും, എസ്.സി വിഭാഗക്കാർ 400 രൂപയും ഒടുക്കേണ്ടതാണ്. എസ്.റ്റി വിഭാഗക്കാർ ഫീസ് ഒടുക്കേണ്ടതില്ല. ഒരിക്കൽ ഒടുക്കിയ ഫീസ് റീഫണ്ട് ചെയ്യുന്നതല്ല. പ്രോസ്പെക്ടസ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

**5.ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും:–**

B.Pharm(LE)-2019 കോഴ്സിലേയ്ക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയോടൊപ്പം പ്രോസ്പെക്ടസ് ക്ലോസ് 7.3.5–ൽ പറഞ്ഞിട്ടുള്ള സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ എന്നിവ 26.09.2019 **വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെയും അപ്‌ലോഡ് ചെയ്ത രേഖകളുടെയും പ്രിന്റൗട്ടിന്റെ കോപ്പി കൈവശം സൂക്ഷിക്കേണ്ടതാണ്.

**6. അഡ്മിറ്റ് കാർഡ്:** പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും 30.09.2019 മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

7. പ്രവേശന പരീക്ഷ: പ്രവേശന പരീക്ഷയ്ക്കുള്ള സ്കീം, സിലബസ്സ് തുടങ്ങി വിദ്യാർത്ഥികൾക്കുള്ള പൊതുവായ നിർദ്ദേശങ്ങളെ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് ക്ലോസ് 8–ൽ ലഭ്യമാണ്.

8. റാങ്ക് ലിസ്റ്റ്: സർക്കാർ അംഗീകൃത പ്രോസ്പെക്ടസിന്റെ ക്ലോസ് 10 ൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് B.Pharm-2019(LE) കോഴ്സിന്റെ റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്നതാണ്.

9. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം സർട്ടിഫിക്കറ്റ്/അനുബന്ധരേഖകൾ പുതുതായി ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല.

10. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**Help Line Numbers: 0471 2332123, 2339101, 2339102, 2339103, 2339104**

Sd/-

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
18.09.2019